ഉത്തരം

(എ) മേഖലാ ഓഫീസുകളിൽ നിന്നും അവരുടെ കീഴിലുള്ള ഡിപ്പോയിലേക്ക് ആവശ്യകത അറിയിക്കുന്നതനുസരിച്ച് എല്ലാ മാസവും ഇതിനാവശ്യമായ അളവിൽ പലവ്യഞ്ജനങ്ങളുടെ ടെൻഡർ ക്ഷണിക്കുകയും ടെൻഡറിൽ കിട്ടുന്ന വില പത്രങ്ങളിൽ വരുന്ന വിലയും പൊതുമാർക്കറ്റിലെ വിലയുമായി താരതമ്യം ചെയ്ത് ഡയറക്ടർ ബോർഡാണ് ഏത് വിലയ്ക്ക് എത്ര അളവിൽ വാങ്ങണം എന്ന തീരുമാനം എടുക്കുന്നത്.

(ബി) ഉണ്ട്. സെൻട്രൽ പർച്ചേസ് ആയതിനാൽ മൂന്നു മാസത്തെ ആവശ്യകതയ്ക്കനുസരിച്ചുള്ള പലവ്യഞ്ജന സാധനങ്ങൾ ടെൻഡർ വിളിച്ച് സംഭരിക്കുകയായിരുന്നു പതിവ്. 2004 നവംബർ മുതൽ അത് ഒന്നര മാസത്തെ ആവശ്യകതയ്ക്കനുസരിച്ചുള്ള സംഭരണമായി ചുരുക്കിയിട്ടുണ്ട്.

(സി) അതെ. മേഖലാ ഓഫീസുകളിൽ നിന്നും ആവശ്യപ്പെടുന്നത് അനുസരിച്ചും, മാവേലി, ലാഭം സ്റ്റോറുകളിൽ നിന്നുമുള്ള ഇന്റന്റ് അനുസരിച്ചുമാണ് വിതരണം നടത്തുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയ പർച്ചേസുകൾ

72 [390] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2001 മുതൽ നടത്തിയ 'പർച്ചേസുകളെ' സംബന്ധിച്ച് എന്തെങ്കിലും ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ഇനങ്ങളിലെ 'പർച്ചേസുകളി'ലാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളതെന്നും അതുമൂലമുണ്ടായ നഷ്ടമെത്രയാണെന്നും വിശദമാക്കാമോ;

(സി) ക്രമക്കേടുകളെ സംബന്ധിച്ച് ഏതെല്ലാം തലത്തിലുള്ള അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്നും, അന്വേഷണത്തിന്റെ ഫലം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏതൊക്കെ ഇനങ്ങളിലെ പർച്ചേസുകളിലാണ് ക്രമക്കേടുകളും നഷ്ടവും നടന്നതെന്ന് ഒരു ഉന്നതതല സമഗ്രാന്വേഷണത്തിൽ മാത്രമേ മനസ്സിലാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) പത്രങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ധനകാര്യ വകുപ്പുതല അന്വേഷണം 21-1-2005-ൽ തുടങ്ങി. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയും നടന്നുവരുന്നു. അന്വേഷണം പൂർത്തിയായതിനു ശേഷം മാത്രമേ ഫലം വ്യക്തമാക്കാൻ കഴിയുകയുള്ളു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സംഭരണത്തിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ നടപടി

73 [391] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, എ. കെ. ബാലൻ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ചെറുപയർ, ഉഴുന്നുപരിപ്പ്, കടല, വൻപയർ, മുളക്, പീസ് പരിപ്പ്, മല്ലി തുടങ്ങിയ ഏഴിനങ്ങളുടെ സംഭരണത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) കോർപ്പറേഷന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിവച്ച ഉദ്യോഗസ്ഥരുടെ മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) 2002 ഏപ്രിൽ മുതൽ 2004 ആഗസ്റ്റ് വരെയുള്ള കാലയളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വാങ്ങിയതിൽ നടന്ന ക്രമ ക്കേടുകളെയും അഴിമതികളെയും കുറിച്ച് സമഗ്രമായ ഒരന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) പത്രങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ധനകാര്യ വകുപ്പുതല അന്വേഷണം 21-1-2005-ൽ തുടങ്ങി. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയും നടന്നുവരുന്നു. അന്വേഷണം പൂർത്തി യായതിനുശേഷം മാത്രമേ ഫലം വ്യക്തമാക്കാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly